‘ഏകാധിപത്യമായി മാറിയേക്കാവുന്ന’ ജനാധിപത്യ പരീക്ഷണങ്ങൾ ബൂർഷ്വാ ജനാധിപത്യം എന്നും, സോഷ്യലിസം ജനാധിപത്യമില്ലാത്ത കുടുസ്സുമുറിയായിത്തീർന്ന ദാരുണതയെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം എന്നും ശകാരിക്കുമ്പോൾ അതിന്റെ വൈകാരിക ന്യായങ്ങൾക്കപ്പുറം – ഈ അനുഭവങ്ങളുടെ നന്മതിന്മകൾ (!) ശരിക്കും പരിശോധിക്കപ്പെടുന്നുണ്ടോ?

**ടിയെൻ ജോയ്**

# സിദ്ധാന്തത്തിന്റെ ചരിത്രവഴികൾ

“**ബൂർഷ്വാ** ജനാധിപത്യം എപ്പോൾ വേണമെങ്കിലും ഏകാധിപത്യമായി മാറാം.” അത്രയേറെ ഘോഷിക്കപ്പെടാത്ത ഒരു അഭിമുഖ സംഭാഷണത്തിൽ (‘ഇടപെടലുകൾ’ - 1996 / ‘ജൂൺ രേഖകൾ’ 2009 ജൂൺ - പുനഃപ്രസിദ്ധീകരണം) സഖാവ് ഇഎംഎസ്. പറഞ്ഞു.

“ബഹുകക്ഷി സമ്പ്രദായത്തിലുള്ള പാർലിമെന്ററി ജനാധിപത്യത്തിനകത്ത് പാർട്ടിയുടെ പ്രവർത്തനാനുഭവമല്ലേ സോഷ്യലിസത്തിലേക്കുള്ള ഇന്ത്യൻപാത നിർണ്ണയിക്കുക?” ഈ ചോദ്യത്തിന്, 15 വർഷം മുൻപ്, അടിയന്തിരാവസ്ഥ തീർന്ന് 20 വർഷത്തിനുശേഷം ഇഎംഎസ് നൽകിയ മറുപടിയിലാണ് ജനാധിപത്യവും ഏകാധിപത്യവും കടന്നുവന്നത്. സോവിയറ്റു യൂണിയന്റെ പതനത്തിന്റെ കാലം, പുനർനിർവ്വചനങ്ങളുടെ കാലം കൂടിയായിരുന്നു.

“ജനാധിപത്യമില്ലെങ്കിൽ, സോഷ്യലിസവും വേണ്ട” എന്ന് മാർക്സിസ്റ്റ് തത്വങ്ങളെ എന്നും സൂക്ഷ്മതയോടെ ന്യായീകരിച്ചിരുന്ന പടിഞ്ഞാറൻ മാർക്സിസ്റ്റ് (പൗലൻസാസ്) പൊട്ടിത്തെറിച്ചത് ഒരു ചെറുകാറ്റായി മലയാളിയുടെ സിദ്ധാന്ത ദു:ശാഠ്യങ്ങളിലും പ്രത്യക്ഷപ്പെട്ടത് അക്കാലത്തുതന്നെ. കേരള ചരിത്രത്തിന്റെ മൂർത്ത നിമിഷങ്ങളിൽ എ.കെ.ജിയുടെയും ഇ.എം.എസിന്റെയും കമ്മ്യൂണിസം കടന്നുപോന്ന (പ്രതി)സന്ധികൾ – അവർ നേരിട്ട ശകാരപദാവലികൾ - പാർലിമെന്ററി - അവസരവാദം പുത്തൻ തിരുത്തൽ വാദം - എല്ലാം - അടിയന്തിരാവസ്ഥാനന്തരകാലത്ത് - തീവ്രഇടതുപക്ഷ വൃത്തങ്ങളിലും - വീണ്ടുവിചാരങ്ങൾക്ക് വിധേയമായി.

ഇവിടെ ചില പിടികിട്ടായ്മകളെ സ്പർശിച്ചു പോകേണ്ടതുണ്ട്. തകർച്ചയുടെ കാലങ്ങളിൽ മണ്ണിന്റെ മണമുള്ള കമ്മ്യൂണിസത്തിന്റെ ചെറുത്തുനിൽപ്പിന്റെ കൗതുകവിശേഷങ്ങൾ!

1. 1956ൽ ക്രൂഷ്ച്ചേവ് CPSU വിന്റെ 20–ാം കോൺഗ്രസ്സിൽ അവതരിപ്പിച്ച, സ്റ്റാലിന്റെ ഭരണദുരന്തങ്ങളുടെ റിപ്പോർട്ട് ലോകത്തെല്ലായിടത്തും കമ്മ്യൂണിസ്റ്റുപാർട്ടി

കളുടെ വിലയിടിച്ചപ്പോൾ ഇവിടെ, കേരളത്തിൽ 1957ൽ ഇ.എം.എസ്. മന്ത്രിസഭ അധികാരത്തിൽ വന്നു!
2. സോവിയറ്റു യൂണിയന്റെ തകർച്ച 1996ൽ നടന്നതിനുശേഷമാണ് ഇവിടെ, 35 വർഷം തുടർച്ചയായി – ബംഗാളിൽ ഇടതുപക്ഷം ഭരിച്ചത്.
3. നേപ്പാളിൽ മാവോയിസത്തിന് തെരഞ്ഞെടുപ്പ് വിജയമടക്കം നേട്ടങ്ങൾ.

അടിച്ചമർത്തലിനെതിരായ സമരത്തിൽ പിൻമാറാതെ നിന്നവരെ മറക്കുവാൻ മാത്രം ശക്തമല്ല പ്രത്യയശാസ്ത്രത്തിന് സംഭവിക്കുന്ന ലോപവും സാർവ്വദേശീയ തകർച്ചകളും എന്നാണോ ഇതു സൂചിപ്പിക്കുന്നത്?

തെരഞ്ഞെടുപ്പിലൊന്നും നിൽക്കാൻ തയ്യാറല്ലാത്ത, നിന്നാൽ തന്നെ ജയിക്കാത്തവർക്കുവേണ്ടി മാത്രമുള്ളതാണ് വിപ്ലവവും കമ്മ്യൂണിസവും എന്ന് കരുതുന്നവർക്ക്, ഇപ്പറഞ്ഞ പിടികിട്ടായ്മകൾ ബാധിക്കുമോ? എന്നത് ഇനിയും വ്യക്തമല്ല. ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തെ കീഴ്മേൽ മറിക്കുന്ന, ചിത്രത്തുന്നലോ, വിരുന്നുസൽക്കാരമോ അല്ലാത്ത – മഹാവിപ്ലവങ്ങളുടെ ത്യാഗസ്മരണകളിൽ പാർലിമെന്ററി രാഷ്ട്രീയത്തിന് പെരുമയും പ്രഭാവലയവും ഉണ്ടാകാനിടയുണ്ടോ? – അതും വ്യക്തമല്ല. പക്ഷെ, പാർലമെന്റുകളെയും തെരഞ്ഞെടുപ്പുകളെയും അട്ടിമറിച്ചിട്ടാണ് സർവ്വാധിപത്യങ്ങൾ നിലവിൽ വരുന്നത് എന്നത് വേണ്ടുവോളം വ്യക്തമാണ്. ഏകാധികാര പ്രതിപത്തിക്ക് സഹിക്കാനാവാത്ത എന്തു വിപ്ലവമൂല്യങ്ങ (!)ളാണ് ഈ പാവം ജനാധിപത്യ "പന്നിക്കൂടുകൾ"ക്കുള്ളത്? അല്ലെങ്കിൽ ഉണ്ടായിരുന്നത്. സമ്പത്തിന്റെ പുനർവിതരണം ബലപ്രയോഗത്തിലൂടെയാണോ നടക്കുക? "ഏകാധിപത്യമായി മാറിയേക്കാവുന്ന" ജനാധിപത്യ പരീക്ഷണങ്ങൾ ബൂർഷ്വാജനാധിപത്യം എന്നും, സോഷ്യലിസം ജനാധിപത്യമില്ലാത്ത കുടുസ്സുമുറിയായിത്തീർന്ന ദാരുണതയെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം എന്നും ശകാരിക്കുമ്പോൾ അതിന്റെ വൈകാരിക ന്യായങ്ങൾക്കപ്പുറം – ഈ അനുഭവങ്ങളുടെ നന്മതിന്മകൾ (!) ശരിക്കും പരിശോധിക്കപ്പെടുന്നുണ്ടോ?

ആധുനിക സമൂഹത്തിലെ രാഷ്ട്രീയ മാറ്റങ്ങൾക്കു ദിശാബോധം നൽകുന്ന ഒരൊറ്റ സൂചനപോലും നൽകാ



**തെറ്റായ നിയമങ്ങൾ, അല്ലെങ്കിൽ ഭരണഘടനയിൽ ഉറങ്ങിക്കിടക്കുന്ന ശരികൾ. ഇവയെല്ലാം പുനഃപരിശോധിക്കണം എന്ന ആവശ്യം തെരുവിൽനിന്നും തുടങ്ങി, തെരുവിൽ വിജയിച്ച് എഴുതപ്പെടാത്ത നിയമങ്ങളുടെ ആഹ്ലാദത്തിമർപ്പിൽ സദ്നിയമങ്ങളുടെ സ്ഥാപനവൽക്കരണത്തിലേക്ക് (നല്ല അർത്ഥത്തിൽ) പോകാതിരിക്കുന്നത് ശരിയല്ല. പക്ഷേ നിയമലംഘനസമരങ്ങളും ഉപ്പ് കുറുക്കലുകളും ഇന്ത്യയിലെങ്കിലും അക്രമത്തിന്റെ ലഹരിയിലല്ല നടന്നിട്ടുള്ളത് എന്നു മറന്നുകൂടാ**

തെയാണോ ബൂർഷ്വാജനാധിപത്യകാലം കഴിഞ്ഞുപോയത്? അങ്ങിനെയല്ല എന്ന ഉറപ്പാണ് ഈ കുറിപ്പുകൾക്ക് ന്യായം. നഗരത്തിലെ ഉയിർത്തെഴുന്നേൽപ്പുകൾ, ദീർഘകാല ജനകീയ യുദ്ധം, ഗറില്ലാ പോരാട്ടങ്ങൾ – ഇവയൊക്കെ വിജയിക്കാതെ പോയ ഇന്ത്യയിൽ ഇനി എന്താണ് അവശേഷിക്കുന്ന വിജയകഥ? ("അടിയന്തിരാവസ്ഥയിലൂടെ ഏകാധിപത്യമായി മാറിയ" ബൂർഷ്വാ ജനാധിപത്യവും പരാജയപ്പെട്ടു എന്നോർക്കുക).


രാഷ്ട്രീയ ജീവിതം എന്ന പര്യായപദത്തിൽ ജീവിതത്തിന്റെതന്നെ സാച്ഛന്ദ്യം നഷ്ടപ്പെടുമെന്ന് ഒരു പ്രത്യയശാസ്ത്ര വിദഗ്ദ്ധനും നിർബന്ധിക്കരുതെന്ന ആദിതത്വത്തിന് അടിവരയിട്ട് – ഈ ഭാഗം അവസാനിപ്പിക്കുകയാണ്. എളുപ്പം മനസ്സിലാവുന്നതും എളുപ്പത്തിൽ നിർദ്ധാരണം ചെയ്തെടുക്കാവുന്നതുമായ, രാഷ്ട്രീയ പ്രയോഗങ്ങളുടെ ലാളിത്യപഴമകളോട് വിട!! കെട്ടുറപ്പ് കുറഞ്ഞതെങ്കിലും, അതിവ്യക്തതകളുടെ തെളിയിക്കപ്പെട്ട പാരുഷ്യങ്ങൾക്കിടയിൽ, ഏക ശരികളുടെ പ്രഖ്യാപനത്തിരക്കുകളിൽ – ആയുർദൈർഘ്യം ആവശ്യപ്പെടാത്ത, വേണ്ടതില്ലാത്ത സ്വയം പിരിഞ്ഞുപോവുന്ന, ഇടപെടലുകളുടെ ഭാവശുദ്ധി!?

### തെരുവിന്റെ ക്ഷോഭങ്ങളും 'ഗാന്ധിരേഖ'യും

"ഇന്ന് നമുക്കാവശ്യം – ഒന്നാമതായി, ആയുധങ്ങൾ. രണ്ടാമതായി ആയുധങ്ങൾ – മൂന്നാമതായും – ആയുധങ്ങൾ" സഖാവ് ജോസഫ് സ്റ്റാലിന്റെ വാക്കുകളുടെ ആയുധസന്ദർഭം – റഷ്യൻ ഒക്ടോബറിലെ ഉയിർത്തെഴുന്നേൽപ്പായിരുന്നു.

നമ്മുടെ തെരുവുകളോ? ലോക്പാൽ ജോക്ക്പാൽ ആണെന്നു പറയുന്ന ഹസാരേയുടെ നർമ്മബോധത്തെ നമുക്ക് അവഗണിക്കുക. തെറ്റായ നിയമങ്ങൾ, അല്ലെങ്കിൽ ഭരണഘടനയിൽ ഉറങ്ങിക്കിടക്കുന്ന ശരികൾ. ഇവയെല്ലാം പുനഃപരിശോധിക്കണം എന്ന ആവശ്യം തെരുവിൽനിന്നും തുടങ്ങി, തെരുവിൽ വിജയിച്ച് എഴുതപ്പെടാത്ത നിയമങ്ങളുടെ ആഹ്ലാദത്തിമർപ്പിൽ സദ്നിയമങ്ങളുടെ സ്ഥാപനവൽക്കര

**ലെനിന്റെ വിജയിച്ച ഒക്ടോബർ വിപ്ലവമില്ലായിരുന്നെങ്കിൽ മാർക്സിന്റെ മൂലധനത്തിന്റെ വാല്യങ്ങൾ ഗ്രന്ഥപ്പുരകളിൽ ഉറങ്ങുമായിരുന്നോ? കൂടുതൽ ജനങ്ങൾ വായിക്കുന്നതുകൊണ്ട് മാത്രം ഒരു പുസ്തകവും പ്രാമാണികമാകണമെന്നില്ല**



ണത്തിലേക്ക് (നല്ല അർത്ഥത്തിൽ) പോകാതിരിക്കുന്നത് ശരിയല്ല. പക്ഷേ നിയമലംഘനസമരങ്ങളും ഉപ്പ് കുറുക്കലുകളും ഇന്ത്യയിലെങ്കിലും അക്രമത്തിന്റെ ലഹരിയിലല്ല നടന്നിട്ടുള്ളത് എന്നു മറന്നുകൂടാ.

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന തെരുവിന്റെ ഉണർച്ചകളെ "അങ്ങിനെക്ഷോഭിക്കാൻ നിയമം അനുശാസിക്കുന്നില്ല" എന്ന പാരുഷ്യം കൊണ്ട് നേരിടുന്നത് ചരിത്ര ബോധമില്ലായ്മയാണ് - പക്ഷെ എവിടെയോ ഒരു "ഗാന്ധിരേഖ"യുണ്ട് - പക്ഷേ മഹാത്മാഗാന്ധിയിൽനിന്ന് രാഹുൽഗാന്ധിയിലെത്തുമ്പോൾ മറക്കാനിടയുള്ള ഒരു നിയന്ത്രണ മന്ത്രം. സമരങ്ങൾക്കും നേരിടലുകൾക്കും ഒരേ കാർക്കശ്യം വരുമ്പോൾ - ഈ രേഖയുടെ ഓർമ്മ ഒരു തിരുത്തൽ ശക്തിയായേക്കും.

"അഴിമതിക്കെതിരായി രാഷ്ട്രീയ പാർട്ടികളുടെ സുസ്ഥിര നിലപാടുകളും, അതിന്റെ ചുവയുള്ള പാർലമെന്റ് മാർച്ചുകൾപോലെയുള്ള സമര മാതൃകകളും രാഷ്ട്രീയ പ്രേരിതമാണ്". അധികാരികൾ ഇതു പറയുമ്പോൾ കൂടുതൽപേർ ഇപ്പോൾ പിന്തുണയ്ക്കുന്നുണ്ട്. അതുകൊണ്ട് സഖാവ് വി.എസ് ഈയിടെ സൂചിപ്പിച്ചതുപോലെ, ജനങ്ങൾ അൽപം പുച്ഛത്തോടെയാണ് നമ്മുടെ സമരങ്ങളെ കാണുന്നത്. പക്ഷേ, ഇതിനുപകരം വേണ്ടത് സന്യാസ പ്രചോദിതമായ സമരങ്ങളാണോ? ജീവിതാരംഭത്തിൽ ത്തന്നെ മരണം സ്വയം ഉറപ്പിച്ച ജീവിതമാണ് ഗാന്ധിജി തെരഞ്ഞെടുത്തത്. ഹിറ്റ്ലർക്കെഴുതിയ കത്തിൽ അദ്ദേഹം പറഞ്ഞു! നിങ്ങളേക്കാൾ അയുധ ശേഷിയുള്ളവർ ഒരിക്കൽ നിങ്ങളെ കീഴ്പ്പെടുത്തിയേക്കും അതുകൊണ്ട്.... ." ലക്ഷ്യത്തിന്റെ വിശുദ്ധിക്ക് മാർഗ്ഗത്തിന്റെ കളങ്കങ്ങൾ കാരണമാകുമെന്ന് അദ്ദേഹം ശഠിച്ചു."മുസ്ലിങ്ങളെ സ്നേഹിച്ച, സമാധാനം മാത്രം ആഗ്രഹിച്ച, ഒരു ഭ്രാന്തൻ ഗാന്ധി, നിങ്ങൾക്കിടയിൽ ജീവിച്ചിരുന്നത് അത്ര വലിയ തെറ്റായിപ്പോയോ" ചോര കിനിയുന്ന വാക്കുകളിൽ ഗാന്ധിജിക്ക് ഇതുകൂടി ചേർക്കാമായിരുന്നു. "എന്റെ മരണമാണ് എന്റെ സന്ദേശം"

## ബാപ്പുവിന്റെ രക്തത്തിന് ആരെങ്കിലും പകരം ചോദിച്ചോ?

"തെരുവിന്റെ ക്ഷോഭവും ഗാന്ധിരേഖയും ഇവിടെ തോരുന്നു."
എല്ലാ വേവലാതികൾക്കും തത്വാധിഷ്ഠിതമായ ഉത്തരങ്ങൾ നൽകുന്ന പണ്ഡിതന്മാരും വിദൂഷികളും! ചരിത്രത്തിൽ അതു സംഭവിച്ചിട്ടുണ്ട് നമുക്ക്. കാത്തിരിക്കുക!

## അനുബന്ധം

### സിദ്ധാന്തത്തിന്റെ ദാരിദ്ര്യം - പ്രയോഗത്തിന്റെയും

ഒരു ചലനാത്മക യാഥാർത്ഥ്യത്തിന്റെ തൽസമയ വിശകലനത്തെ സിദ്ധാന്തമെന്ന് വിളിക്കാമോ? പ്രയോഗത്തിന്റെ ഉത്തമഭൃത്യനാണ് സിദ്ധാന്തമെങ്കിൽ, പ്രയോഗത്തിന്റെ വിജയപരാജയങ്ങളോടൊപ്പം, അത് ഒടുങ്ങിത്തീരും. ലെനിന്റെ വിജയിച്ച ഒക്ടോബർ വിപ്ലവമില്ലായിരുന്നെങ്കിൽ മാർക്സിന്റെ മൂലധനത്തിന്റെ വാല്യങ്ങൾ ഗ്രന്ഥപ്പുരകളിൽ ഉറങ്ങുമായിരുന്നോ? (ഇനി, ഇതായിരിക്കുമോ സിദ്ധാന്തത്തിന്റെ യഥാർത്ഥ ചരിത്രവഴി) കൂടുതൽ ജനങ്ങൾ വായിക്കുന്ന ("കൂടുതൽ പ്രൊഫസർമാർ" എന്ന് വിവർത്തനം) തുകൊണ്ട് മാത്രം ഒരു പുസ്തകവും പ്രാമാണികമായിക്കൊള്ളണമെന്നില്ല. ചെയർമാൻ മാവോവിന്റെ "പ്രയോഗത്തെക്കുറിച്ചും വൈരുദ്ധ്യത്തെക്കുറിച്ചും" കൂടുതൽ വായിക്കപ്പെടുന്നത് 1949ന് ശേഷമായിരുന്നു എന്നതും കൗതുകകരമാണ്. വിപ്ലവം വിജയിക്കാത്ത മൂന്നാംലോക രാജ്യങ്ങളിൽ മാവോയിസ്റ്റുകൾ ക്ഷമാപൂർവ്വം പഠിച്ച് അപഗ്രഥനം ചെയ്ത, വിജയത്തിന്റെ മൂന്നുപാധിയെന്ന് അവർ കരുതിയ സിദ്ധാന്ത സമഗ്രതയുടെ ചൈനയിലെ 'വിധി' അന്നറിഞ്ഞിരുന്നെങ്കിൽ....

നിർമ്മമമായ, അധികമൊന്നും കൈയ്യടി, നീണ്ട കൈയ്യടി എന്നിങ്ങനെ വിശേഷണങ്ങൾ ചേരാത്ത വാക്കുകളെ ചൂഴ്ന്നു നിൽക്കുന്ന വാചക കർക്കശത്വം. ഈ സിദ്ധാന്ത ഗൗരവത്തിന്റെ സാംഗത്യമെന്താണ് ഒരു ലഘുലേഖയുടെ സന്ദർഭത്തിൽനിന്ന്, അതിന്റെ ആഹ്വാനവ്യഗ്രതയിൽനിന്ന്, താത്വിക വിചാരങ്ങൾക്കുള്ള അധിക പ്രാധാന്യം എന്താണ്? മാർക്സിന്റെ ജീവിതകാലത്ത്, ജയിൽചാട്ടവും മറ്റും സ്വാധീനമുള്ള ബക്കുനിനായിരുന്നു വിപ്ലവകാരി. മാർക്സിന്റെ സിദ്ധാന്ത ഗ്രന്ഥങ്ങൾ മാത്രമാണ് അദ്ദേഹത്തിന്റെ സന്ദേശം! അതുകൊണ്ട് ലഘുലേഖകൾ സിദ്ധാന്തമായി അഭിനയിക്കുന്നത് സിദ്ധാന്തത്തിനോ ലഘുലേഖയ്ക്ക് പോലുമോ നല്ലതല്ല!

പ്രപഞ്ചത്തിന്റെ രഹസ്യം മുഴുവൻ കൈവെള്ളയിൽ തെളിയുന്നവരെ അശാന്തമായിത്തുടരുന്ന നിതാന്ത സംശയങ്ങളുടെ ലോകം അന്വേഷിയുടെ ദുരന്തം - പ്രായോഗിക, രാഷ്ട്രീയത്തിന്റെ വിയർപ്പിൽ - ആരുമറിയാതെ പോകട്ടെ! അൽത്തുസറിനോടുള്ള കലമ്പലിന്റെ ഇടവേളയിൽ ഒരു മുഴുവൻ ഗ്രന്ഥം തന്നെ എഴുതിതീർത്ത "നല്ലവനായ ഇ.പി.തോംസൺ" വാർദ്ധക്യസഹജരോഗം മൂലമാണ് മരണപ്പെട്ടത്. അൽത്തുസറന്നെ മാർക്സിസ്റ്റ് വേദാന്തിയെ, ദാരുണതകൾ മരണത്തിലും (ജീവിതത്തിലും) തുടർന്നു.

ഇനിയും മരിച്ചിട്ടില്ലാത്തവരുടെ ലോകത്തോട്, ലോകത്തെ മാറ്റിമറിക്കുന്ന വാശിക്കാരോട് ലോകത്തിനും എന്തോ പറയാനുണ്ട്. ഒരു 'തർക്ക സംഗ്രഹ പുതുമ'! പ്രയോഗത്തിനും ദാരിദ്ര്യമുണ്ട്.

**നാടൻ പശുവിന്റെ മൂത്രം ചാണകം എന്നിവ വിൽപ്പനയ്ക്ക്**

മൂത്രം ലിറ്ററിന് - 25 രൂപ
ചാണകം കിലോ - 20 രൂപ
ഫോൺ: 9495040513